# Malayala Manorama

## 29 August 2018

## Thiruvananthapuram, After Flood, Temporary Hospitals



# പ്രളയം: 325 താൽക്കാലിക ആശുപത്രികൾ നാളെ മുതൽ

തിരുവനന്തപുരം● പ്രളയക്കെടുതി മൂലമുള്ള രോഗങ്ങൾ പ്രതിരോധിക്കാനും ജനങ്ങൾക്ക് എല്ലായിടത്തും ചികിത്സാ സംവിധാനം ലഭ്യമാക്കാനുമായി സ്ഥാപിക്കുന്ന 325 താൽക്കാലിക ആശുപത്രികൾ നാളെ പ്രവർത്തനം ആരംഭിക്കും. 30 ദിവസത്തേക്കാണ് ഇവയുടെ പ്രവർത്തനം.

ആലപ്പുഴ ജില്ലയിൽ 38, പത്തനംതിട്ട 9, കോട്ടയം 24, ഇടുക്കി 23, എറണാകുളം 50, തൃശൂർ 43, പാലക്കാട് 49, മലപ്പുറം 47, കോഴിക്കോട് 16, വയനാട് 26 എന്നിങ്ങനെയാണ് ആശുപത്രികൾ തുടങ്ങുന്നത്. ഒരു ഡോക്ടറും ഒരു നഴ്സും ആശുപത്രിയിൽ ഉണ്ടാകും. രാവിലെ ഒൻപതു മുതൽ ഉച്ചയ്ക്ക് രണ്ടു വരെയാണ് പ്രവർത്തനം.

വാർഡ്തല ശുചീകരണ കമ്മിറ്റിക്കും പോഷകാഹാര കമ്മിറ്റിക്കുമായി 18,71,20,000 രൂപയുടെ ഭരണാനുമതി നൽകിയതായി മന്ത്രി കെ.കെ. ശൈലജ അറിയിച്ചു.